ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന യുവജന കമ്മീഷൻ

**വികാസ് ഭവൻ തിരുവനന്തപുരം- 695003**

**ഫോൺ 0471 2308630 ഫാക്സ് 0471 2308530**

## കേരള സംസ്ഥാന യുവജന കമ്മീഷൻ 18-10-2019 ന് പുറപ്പെടുവിക്കുന്ന ഉത്തരവ്

**സന്നിഹിതർ : കുമാരി ചിന്താ ജെറോം, (ചെയർപേഴ്സൺ)**
**ശ്രീ.വിനിൽ വി (കമ്മീഷനംഗം)**
**ശ്രീ.നിശാന്ത് വി ചന്ദ്രൻ (കമ്മീഷനംഗം)**
**ശ്രീമതി.ഷജീറ.കെ.പി (കമ്മീഷനംഗം)**

**കേസ് നമ്പർ : നം: 1248/എ2/2018/കേ.സം.യു.ക.**

| പരാതി കക്ഷി | എതിർ കക്ഷി |
|---|---|
| **ആർച്ച ബി** | **പ്രിൻസിപ്പാൾ** |
| തിനവിള, തനിമ | വി.എൽ.സി.സി. |
| കാഞ്ഞാവെളി പി.ഓ | മിറഡോർ ബിൽഡിംഗ്സ് |
| കൊല്ലം. | മുട്ടത്തിൽ ലൈൻ |
| | കടവന്ത്ര |
| | കൊച്ചി -682020. |

പരാതികക്ഷി എതിർകക്ഷിയുടെ സ്ഥാപനത്തിൽ Grand Master in Cosmetology (GMIC) കോഴ്സിന് ചേരുകയും കോഴ്സ് പൂർത്തിയാക്കാതെ വരികയും ചെയ്തയാളാണ്. പരാതികക്ഷി എതിർകക്ഷിക്ക് 1,20,000/- (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ) ഫീസ് ഇനത്തിലും 21,000/- (ഇരുപത്തിയൊന്നായിരം രൂപ) ഹോസ്റ്റൽ ഫീ ഇനത്തിലും നല്കിയിട്ടുണ്ട്. 21-7-2018 ന് കോഴ്സിന് ചേർന്ന പരാതികക്ഷി 18-9-2018 വരെ മാത്രമേ ക്ലാസ്സിലിരുന്നിട്ടുള്ളൂവെന്നും കോഴ്സ് ഫീ ഇനത്തിൽ മുൻകൂറായി കൈപ്പറ്റിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാതികക്ഷി കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതിയിൽ ആവശ്യപ്പെട്ടു. പരാതിയിന്മേൽ ആവശ്യപ്പെട്ട റിപ്പോർട്ട്, എതിർകക്ഷി നാളിതുവരെയും ഹാജരാക്കിയിട്ടില്ലാത്തതാണ്. പരാതിയിന്മേൽ നടത്തിയ നേർവിചാരണ വേളയിൽ, എതിർകക്ഷി സ്ഥാപനത്തിന്റെ തിരുവനന്തപുരത്തുള്ള ശാഖയിൽ മറ്റൊരു കോഴ്സ് പഠിക്കുന്നതിന് തയ്യാറാണെന്നും അല്ലാത്ത പക്ഷം മുൻകൂറായി ഈടാക്കിയ തുകയിൽ ക്ലാസ്സിൽ ഹാജരായ ദിവസങ്ങളുടെ ഫീസ് കിഴിച്ചുള്ള തുക അനുവദിക്കണമെന്നും, പരാതി കക്ഷി കമ്മീഷനെ ബോധിപ്പിച്ചു. ടി സാഹചര്യത്തിൽ, കമ്മീഷൻ താഴം പറയും പ്രകാരം ഉത്തരവാകുന്നു.

## <u>ഉത്തരവ്</u>

പരാതികക്ഷിക്ക് തിരുവനന്തപുരത്ത്, എതിർകക്ഷിയുടെ സ്ഥാപനത്തിൽ ഏതെങ്കിലും കോഴ്സ് പഠിക്കുന്നതിനോ പരാതികക്ഷി GMIC കോഴ്സിന്റെ ക്ലാസ്സിന് ഹാജരായ ദിവസങ്ങളുടെ ഫീസ് കിഴിച്ചുള്ള തുക തിരികെ നല്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കാൻ എതിർകക്ഷിക്ക് നിർദ്ദേശം നല്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ചെയർപേഴ്സൺ**

**സെക്രട്ടറി**